**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2046** **12-09-2023 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷം മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | **2023-24 വർഷം മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.** |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; നാളിതുവരെ എത്ര തുക വിനിയോഗിച്ചുവെന്ന് വിശദമാക്കുമോ? | (ബി) | **പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ ആകെ 177.96 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.**<br><br>**നാളിതുവരെ 30.9647 കോടി രൂപ പ്രസ്തുത പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം - I**

| നം. | പദ്ധതിയുടെ പേര്<br>(പ്ലാൻ) | ശീർഷകം | വിശദാംശം |
| --- | --- | --- | --- |
| 1 | മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനവും-മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ | 2403-101-97 | മൃഗചികിത്സ, രോഗനിർണ്ണയം, രോഗനിരീക്ഷണം,<br>രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ലാബുകളുടെ വികസനം, മൃഗാശുപത്രികളുടെ വികസനം, മരുന്ന് വാങ്ങൽ എന്നിവ |
| 2 | ബയോളജിക്കൽ പ്രോഡക്ഷൻ കോംപ്ലക്സ് | 2403-101-84 | പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട്<br>ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിലെ വിവിധ പ്രവർത്തനങ്ങൾ- രോഗ പ്രതിരോധ<br>പ്രവർത്തനങ്ങൾക്കാവശ്യമായ<br>വാക്സിനുകൾ ഉത്പാദിപ്പിക്കൽ |
| 3 | വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ<br>സേവനം | 2403-101-71 | അടിയന്തിര ഘട്ടങ്ങളിൽ<br>കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം<br>ലഭ്യമാക്കുന്ന രാത്രികാല<br>അടിയന്തിര മൃഗചികിത്സാ<br>സേവനം പദ്ധതി നിലവിൽ<br>സംസ്ഥാനത്തെ 156 കേന്ദ്രങ്ങളിൽ<br>നടപ്പിലാക്കി വരുന്നു. |
| 4 | കന്നുകാലി ആരോഗ്യ സംരക്ഷണവും രോഗ നിയന്ത്രണവും | 2403-101-65 | കേന്ദ്രാവിഷ്കൃത പദ്ധതി, ദേശീയ കുളമ്പ് രോഗ,<br>ബ്രൂസലോസ്സിസ് രോഗ<br>നിയന്ത്രണ പരിപാടി,<br>ക്രിട്ടിക്കൽ ആനിമൽ ഡിസീസ് കൺട്രോൾ പ്രോഗ്രാം,<br>ജന്തുരോഗനിയന്ത്രണത്തിനായി<br>സംസ്ഥാനങ്ങൾക്കുള്ള സഹായം,<br>മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ |

| | | | |
|---|---|---|---|
| 5 | ഊർജ്ജിത കന്നുകാലി വികസനം | 2403-102-96 | കൃത്രിമ ബീജ സങ്കലനം വഴി നിലവിലുള്ള കന്നുകാലി ശേഖരത്തിന്റെ ഗുണമേന്മ ക്രമമായി ഉയർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| 6 | വകുപ്പിൻകീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും | 2403-102-81 | അടിസ്ഥാന സൗകര്യ വികസനം, ഫാമുകളുടെ യന്ത്രവൽകരണം, മരുന്നുകൾ, തീറ്റ, ഉപകരണങ്ങൾ മുതലായവയുടെ വാങ്ങൽ, തീറ്റപ്പുൽ കൃഷിയിടങ്ങളുടെ പരിപാലനം, നിലവിലുള്ള ഫാമുകളുടെ വിപുലീകരണവും മെച്ചപ്പെടുത്തലും മുതലായവയാണ് ഈ പരിപാടിയുടെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ. |
| 7 | ഗോവർദ്ധിനി പദ്ധതി | 2403-102-78 | പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ,<br>ഇൻഷ്വറൻസ് പരിരക്ഷ, വെറ്ററിനറി സേവനം<br>എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതി. |
| 8 | സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി) | 2403-108-97 | സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി, കന്നുകാലികളുടെ മരണം മൂലവും ഉൽപാദന ശേഷി നഷ്ടപ്പെടുന്നത് മൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിറുത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്നു. |

| | | | |
|---|---|---|---|
| 9 | വികസനവും പരിശീലനവും | 2403-109-96 | എല്ലാ ജില്ലകളിലും പരിശീലനങ്ങൾക്ക് വേണ്ട പശ്ചാത്തല സൗകര്യങ്ങൾ സ്ഥാപിക്കൽ/നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, കർഷകർക്കുള്ള പരിശീലന പരിപാടി, വിജ്ഞാന വ്യാപന സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കൽ, കർഷകർ അഭിമുഖീകരിക്കുന്ന ഫീൽഡ്തല പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ഗവേഷണം നടത്തുന്നതിന് സഹായം, സംരഭകത്വ വികസന പരിപാടി, മൃഗസംരക്ഷണ വ്യാപന സേവനങ്ങളും പരിശീലന കേന്ദ്രങ്ങളും ശക്തിപ്പെടുത്തൽ, കർഷക അവാർഡുകൾ, മീഡിയാഡിവിഷൻ പ്രവർത്തനം എന്നിവയാണ് പരിപാടികൾ. |
| 10 | മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും-50% കേന്ദ്രസഹായം | 2403-113-92 | വിവിധതരം കന്നുകാലി ഉൽപ്പാദനങ്ങളുടെ ഉൽപ്പാദനം തിട്ടപ്പെടുത്തുന്നതിനായി നടത്തിവരുന്ന സംയോജിത സാമ്പിൾ സർവ്വേ |
| 11 | കന്നുകാലി സെൻസസ്-100% കേന്ദ്രസഹായം | 2403-113-94 | 20-ാമത് കന്നുകാലി സെൻസസിന്റെ ജോലികളുടെ പൂർത്തീകരണം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്നു. |
| 12 | നവീകരണവും ഈ-ഗവർണ്ണൻസും | 2403-113-93 | ഭരണ നിർവഹണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ് മുതൽ ഫീൽഡ്തല സ്ഥാപനങ്ങൾ വരെ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ. |
| 13 | ദേശീയ കന്നുകാലി മിഷൻ | 2403-108-96 | 60% കേന്ദ്രാവിഷ്കൃത പദ്ധതി. സംരഭകത്വ വികസനം ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| 14 | മൃഗചികിത്സാ സേവനം | 4403-101-99 | മുൻവർഷങ്ങളിൽ അനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതിനു പുതിയ മൃഗാശുപത്രികൾ സ്ഥാപിക്കുന്നതിനും പഞ്ചായത്തുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മൃഗാശുപത്രികൾക്കും ലബോറട്ടറികൾക്കും കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നത് ലക്ഷ്യമാക്കി പദ്ധതി നടപ്പിലാക്കുന്നു. |
| 15 | ബയോളജിക്കൽ പ്രോഡക്ഷൻ കോംപ്ലക്സ് | 4403-101-97 | പാലോടുള്ള വെറ്റിനറി ബയോളജിക്കൽ ഇൻസ്റ്റിട്യൂട്ടിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ |
| 16 | കന്നുകാലി എരുമ സംവർദ്ധനം | 4403-102-99 | മുൻവർഷങ്ങളിൽ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ഐ.സി.ഡി.പി/ആർ/എ.ഐ.സി-കൾക്ക് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, ഐ.സി.ഡി.പി സബ്സെന്ററുകളുടെ നിർമ്മാണം എന്നിവ ലക്ഷ്യമാക്കി പദ്ധതി നടപ്പിലാക്കുന്നു. |
| 17 | ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശക്തിപ്പെടുത്തൽ | 4403-102-96 | മൂലധന ശീർഷകത്തിലെ പദ്ധതികൾ. |
| 18 | വികസനവും പരിശീലനവും | 4403-109-97 | വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം |
| 19 | ആർ.ഐ.ഡി.എഫിന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കൽ | 4403-00-800-97 | മൂലധന ശീർഷകത്തിലെ പദ്ധതികൾ. |

## Annexure - II

| നം. | പദ്ധതിയുടെ പേര്(പ്ലാൻ) | ശീർഷകം | അനുവദിച്ച തുക (ലക്ഷത്തിൽ) | വിനിയോഗിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനവും- മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ | 2403-101-97 | 3,500 | 143.34 |
| 2 | ബയോളജിക്കൽ പ്രോഡക്ഷൻ കോംപ്ലക്സ് | 2403-101-84 | 250 | 60.85 |
| 3 | വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം | 2403-101-71 | 2,000 | 318.54 |
| 4 | കന്നുകാലി ആരോഗ്യ സംരക്ഷവും രോഗ നിയന്ത്രണവും | 2403-101-65 | 800 | 0 |
| 5 | ഊർജ്ജിത കന്നുകാലി വികസനം | 2403-102-96 | 880 | 262.6 |
| 6 | വകുപ്പിൻകീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും | 2403-102-81 | 1,670 | 218.5 |
| 7 | ഗോവർദ്ധിനി പദ്ധതി | 2403-102-78 | 5,200 | 1388.26 |
| 8 | സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി) | 2403-108-97 | 600 | 0 |

| | | | | |
|---|---|---|---|---|
| 9 | വികസനവും പരിശീലനവും | 2403-109-96 | 675 | 81.13 |
| 10 | മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും- 50% കേന്ദ്രസഹായം | 2403-113-92 | 300 | 210.28 |
| 11 | കന്നുകാലി സെൻസസ്- 100% കേന്ദ്രസഹായം | 2403-113-94 | 1 | 0 |
| 12 | നവീകരണവും ഈ-ഗവർണ്ണൻസും | 2403-113-93 | 250 | 45.74 |
| 13 | ദേശീയ കന്നുകാലി മിഷൻ | 2403-108-96 | 600 | 0 |
| 14 | മൃഗചികിത്സാ സേവനം | 4403-101-99 | 500 | 4.01 |
| 15 | ബയോളജിക്കൽ പ്രോഡക്ഷൻ കോംപ്ലക്സ് | 4403-101-97 | 50 | 33.9 |
| 16 | കന്നുകാലി എരുമ സംവർദ്ധനം | 4403-102-99 | 20 | 0.22 |
| 17 | ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശക്തിപ്പെടുത്തൽ | 4403-102-96 | 300 | 130 |
| 18 | വികസനവും പരിശീലനവും | 4403-109-97 | 100 | 0 |
| 19 | ആർ.ഐ.ഡി.എഫിന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതിനടപ്പാക്കൽ | 4403-800-97 | 100 | 199.1 |
| | **ആകെ** | | 17,796/- | 3096.47 |